1895

നം. എൻ2/11868/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി.൭/03/2018
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - അനുമതിയില്ലാതെ മത്സരപരീക്ഷകൾ നടത്തുന്നത് - കുട്ടികളുടെ വിവരങ്ങൾ കൈമാറുന്നത് - സംബന്ധിച്ച്.

സൂചന :- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം.എൻ2/46388/17 തീയതി. 26/10/2018

സംസ്ഥാന സർക്കാരിന്റെ/പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ഇല്ലാതെ സ്കൂൾകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്വകാര്യ സ്ഥാപനങ്ങൾ/സംഘടനകൾ/വ്യക്തികൾ തുടങ്ങിയവർ മൽസരങ്ങൾ/മൽസര പരീക്ഷകൾ (ക്വിസ് മൽസരങ്ങൾ, രചനാ മൽസരങ്ങൾ, പെയിന്റിംഗ്/ചിത്രകല, സ്വകാര്യ സ്കോളർഷിപ്പ് പരീക്ഷകൾ തുടങ്ങിയവ...) നടത്തുവാൻ പാടില്ലാത്തതും, ഇത്തരം ആവശ്യങ്ങൾക്ക് വേണ്ടി കുട്ടികളിൽ നിന്നും യാതൊരുവിധ പണപ്പിരിവുകളും നടത്തുവാൻ പാടുള്ളതല്ല എന്നും സൂചന പ്രകാരം കർശന നിർദ്ദേശം നൽകിയിരുന്നു.

**2017-18 വർഷത്തെ സ്കൂൾ വാർഷിക പരീക്ഷകൾ മാർച്ച്-31 നകം പൂർത്തിയാകുന്ന സാഹചര്യത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്.**

- സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സർക്കാരിന്റെ/പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ഇല്ലാതെ സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ/സംഘടനകൾ തുടങ്ങിയവർ അനധികൃതമായി യാതൊരു വിധത്തിലും ഉള്ള മത്സര പരീക്ഷകൾ നടത്തുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- മത്സര പരീക്ഷകളുടെ പേരിൽ ഒരു സ്കൂളിലും, കുട്ടികളിൽ നിന്ന് അനധികൃത പണപ്പിരിവ് നടത്തുന്നില്ല എന്ന് സബ് ജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂ ജില്ല വിദ്യാഭ്യാസ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.
- അടുത്ത അധ്യയന വർഷം (2018-19) മുന്നിൽ കണ്ടുകൊണ്ട് സ്വകാര്യ/സമാന്തര പഠന കേന്ദ്രങ്ങൾ നടത്തുന്ന ഏതെങ്കിലും തരത്തിലുള്ള പരീക്ഷകൾ, ക്യാമ്പുകൾ, പരിശീലന പരിപാടികൾ എന്നിവയ്ക്ക് വേണ്ടി സ്കൂൾ കുട്ടികളുടെ വിലാസം/ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ സ്കൂളുകളിൽ നിന്നും മറ്റാർക്കും കൈമാറാൻ പാടുള്ളതല്ല.
- സ്വകാര്യ സ്ഥാപനങ്ങളുടെ ബാനറുകൾ, നോട്ടീസുകൾ, മറ്റ് ലഘു രേഖകൾ തുടങ്ങിയവ സ്കൂൾ കോമ്പൗണ്ടിനുള്ളിൽ സ്ഥാപിക്കുന്നതിനോ, വിതരണം ചെയ്യുന്നതിനോ അനുവദിക്കാൻ പാടുള്ളതല്ല.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളും, സൂചന (1) സർക്കുലറിലെ നിർദ്ദേശങ്ങളും കർശനമായി നടപ്പാക്കുന്നതിനും, മോണിറ്റർ ചെയ്യുന്നതിനും എല്ലാ പ്രഥമാധ്യാപകർക്കും കർശനമായ നിർദ്ദേശം (എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ) നൽകേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ് :- എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും/
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ KITE } KITE ന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാലും.